33. കൂടാതെ എന്റെ സർക്കാർ വന സംരക്ഷണ സമിതികൾ, പരിസ്ഥിതി വികസന കമ്മിറ്റികൾ മുതലായ ഏജൻസികൾ വഴി വന സംരക്ഷണ നടപടികളിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതാണ്. വ്യക്തികൾക്ക് വൃക്ഷങ്ങൾ വളർത്തുന്നതിനുള്ള അവകാശത്തെ ഹനിക്കാതെതന്നെ വനപ്രദേശങ്ങളിലും അതിനു ചുറ്റുപാടും ഉള്ള വൃക്ഷങ്ങളുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിനു വേണ്ടി നിലവിലുള്ള ചട്ടങ്ങളിൽ അനുയോജ്യമായ ഭേദഗതികൾ/ മാറ്റങ്ങൾ വരുത്തുന്നതാണ്. നാഷണൽ റിമോട്ട് സെൻസിംഗ് ഏജൻസിയുടെ സാങ്കേതിക സഹായത്തോടുകൂടി കാട്ടുതീ നേരത്തെ കണ്ടെത്തുന്നതിനും മുന്നറിയിപ്പ് നൽകുന്നതിനുമുള്ള മെച്ചപ്പെട്ട നിരീക്ഷണ സംവിധാനം കൊണ്ടുവരുന്നതാണ്. മണ്ണൊലിപ്പ് സാദ്ധ്യതയുള്ള നദീതീരങ്ങളിൽ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടുകൂടി മുള വച്ചുപിടിപ്പിച്ച് മണ്ണൊലിപ്പ് തടയുന്നതാണ്.

34. കൃഷി കഴിഞ്ഞാൽ ഏറ്റവും കൂടുതൽ തൊഴിൽ നൽകുന്നത്, പരമ്പരാഗതവ്യവസായങ്ങൾ ആണ്. തീരദേശത്തുടനീളം കയർ വ്യവസായം വ്യാപിച്ചുകിടക്കുന്നതും അതുമാത്രമായി 3.5 ലക്ഷം തൊഴിലാളികൾക്ക് തൊഴിൽ നൽകുന്നതുമാണ്. സഹകരണ മേഖലയെ പുനരുദ്ധരിച്ചും ഇടനിലക്കാരെ ഒഴിവാക്കിയും ഉല്പാദനം നവീകരിച്ചും വൈവിദ്ധ്യപൂർണ്ണമാക്കിയും തൊഴിലാളികളുടെയും ചകിരിയുടെയും ശരിയായ വിതരണം ഉറപ്പുവരുത്തിയും വിപണനം ശക്തിപ്പെടുത്തിയും എന്റെ സർക്കാർ ഈ വ്യവസായത്തെ പുനഃസംഘടിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നു. പുനരുദ്ധരിക്കുവാൻ കഴിയുന്ന സഹകരണസംഘങ്ങളുടെ നഷ്ടം

എഴുതിത്തള്ളുകയും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ധനസമാഹരണം നടത്തുന്നതിന് പ്രാപ്തമാക്കുന്നതിന് ബാദ്ധ്യതകളെ ഓഹരികളാക്കി മാറ്റുകയും ചെയ്യുന്നതാണ്. കയറുൽപാദന മേഖലയിലെ ഇടത്തട്ട് സമ്പ്രദായവും 'ഡിപ്പോ സിസ്റ്റവും' നിർത്തലാക്കുന്നതും കയർ പർച്ചേസ് പ്രൈസ് എൻഫോഴ്സ്മെന്റ് പദ്ധതി ആരംഭിക്കുന്നതുമാണ്. വിപണിയിലെ വ്യവസായ മാത്സര്യം ഉറപ്പുവരുത്തുന്നതിന് ഗവേഷണവും സാങ്കേതിക വിദ്യ മെച്ചപ്പെടുത്തുന്നതും അതിപ്രധാനമാണ്.

35. കയർഫെഡ്, കയർ കോർപ്പറേഷൻ, ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലിമിറ്റഡ് എന്നിവയുടെ കാര്യക്ഷമമായ പ്രവർത്തനത്തിനും അവയുടെ ഉയർച്ചയ്ക്കും സാദ്ധ്യമായ എല്ലാ സഹായവും എന്റെ സർക്കാർ നൽകുന്നതാണ്. കയർ തൊഴിലാളി യൂണിയനുകൾ, ചെറുകിട ഉല്പാദക യൂണിയനുകൾ, കയറ്റുമതിക്കാർ എന്നിവരുമായി സർക്കാർ നടത്തിയ ചർച്ചയിൽ തീരുമാനിച്ച ഉടമ്പടിയിലെ വ്യവസ്ഥകൾ പാലിക്കുന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധമാണ്. അഞ്ചു വർഷത്തിനുള്ളിൽ ഒരു ലക്ഷം വനിതാ കയർ തൊഴിലാളികളെ മഹിളാ കയർ യോജന പദ്ധതിയിൻ കീഴിൽ എന്റെ സർക്കാർ ഉൾപ്പെടുത്തുന്നതാണ്. കയറിനും കയറുല്പന്നങ്ങൾക്കും ആദായകരമായ വില ഉറപ്പുവരുത്തുന്നതാണ്. നയരൂപീകരണത്തിനും പദ്ധതി ആവിഷ്കരണത്തിനും സ്ഥിരമായ ഒരു ഡാറ്റാ ബേസ് ഉണ്ടാക്കുന്നതിനായി കയർ സ്ഥാപനങ്ങൾ, ഉപകരണങ്ങൾ, തൊഴിലാളികൾ എന്നിവയുടെ ഒരു കണക്കെടുപ്പ് സംഘടിപ്പിക്കുന്നതാണ്.

36. കശുവണ്ടി മേഖലയിൽ എന്റെ സർക്കാരിന്റെ മുഖ്യമായ ഇടപെടൽ കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ, കാപ്പക്സ് എന്നിവ പുനഃക്രമീകരിക്കുന്നതിലായിരിക്കും. തന്മൂലം അവയ്ക്ക് സാമ്പത്തിക ഭദ്രത ഉണ്ടാവുകയും വേതനത്തിനും തൊഴിൽ സാഹചര്യത്തിനും നിലവാരം നിശ്ചയിക്കാൻ കഴിയുന്നതുമാണ്. നിലവിലുള്ള തൊഴിൽ നിയമങ്ങൾ, ഫാക്ടറി ആക്റ്റ് എന്നിവയിലെ പ്രസക്തമായ എല്ലാ വ്യവസ്ഥകളും കർശനമായി നടപ്പിലാക്കുന്നതാണ്. വ്യവസായത്തിൽ ഇടനിലക്കാർ സൃഷ്ടിച്ച അനാരോഗ്യകരമായ പ്രവണതകൾ ഉന്മൂലനം ചെയ്യുന്നതിന് ആത്മാർത്ഥമായ ശ്രമങ്ങൾ നടത്തുന്നതാണ്. കശുവണ്ടിപ്പരിപ്പിനും അനുബന്ധ ഉല്പന്നങ്ങൾക്കുമായി വിപണി വികസിപ്പിച്ചെടുക്കുക, ഈ കാർഷിക വ്യവസായത്തെ കൂടുതൽ ആകർഷകമാക്കുന്നതിനായി മൂല്യവർദ്ധിതഉല്പന്നങ്ങൾ കൊണ്ടുവരിക, കശുവണ്ടി തോട്ടങ്ങൾ വ്യാപിപ്പിക്കുക എന്നിവയാണ് ഈ മേഖലയിൽ സ്വീകരിക്കുന്ന പ്രധാനപ്പെട്ട മറ്റ് നടപടികൾ.

37. ഉദ്ദേശം 40000 ത്തോളം തൊഴിലാളികളെ സഹായിക്കുന്ന ദിനേശ് ബീഡി സഹകരണ സംഘം രാജ്യത്തിലെ ഇത്തരത്തിലുള്ള ഏറ്റവും വലിയ സംഘമാണ്. മാറുന്ന ജീവിതശൈലിയും പ്രതികൂലമായ കമ്പോള സാഹചര്യവും സംഘത്തിന്റെ സാമ്പത്തിക അസ്ഥിരതയ്ക്ക് കാരണമായിട്ടുണ്ട്. ദിനേശ് ബീഡി സഹകരണ സംഘം പുനസംഘടിപ്പിക്കുന്നതിനും പുനരുദ്ധരിക്കുന്നതിനും ഒരു പ്രത്യേക പാക്കേജ് രൂപം നൽകുന്നതിന് എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്

38. അതുപോലെ പ്രൊഫഷണൽ മാർക്കറ്റിംഗിന് പ്രത്യേക ഊന്നൽ കൊടുത്തുകൊണ്ട് കേരളത്തിലെ പരമ്പരാഗതവും ഊർജ്ജസ്വലവുമായ കൈത്തറി മേഖലയെ ശക്തിപ്പെടുത്തുക. ഉല്പാദനത്തിന്റെ ആധുനികവൽക്കരണവും വൈവിധ്യവൽക്കരണവും നെയ്ത്തുതൊഴിലാളികൾക്കുവേണ്ടിയുള്ള ക്ഷേമപദ്ധതികളും സഹകരണസ്ഥാപനങ്ങളുടെ ശക്തിപ്പെടുത്തലും, ഈ മേഖലയിലുള്ള ഇടപെടലുകൾ ആയിരിക്കും. കള്ളുചെത്ത് വ്യവസായം പുനഃക്രമീകരിക്കുന്നതും, കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതുമാണ്.

39. കേരളത്തിൽ പൊതുമേഖല ആധുനിക വ്യവസായത്തിന്റെ നട്ടെല്ലായി വർത്തിക്കുന്നു. എന്നിരുന്നാലും മിക്ക പൊതുമേഖലാ യൂണിറ്റുകളും ഗുരുതരമായ പ്രതിസന്ധി നേരിടുകയാണ്. സ്വകാര്യവൽക്കരണത്തിനുള്ള നവ ഉദാരവൽക്കരണ പരിഹാരങ്ങൾക്ക് ബദലായി പൊതുമേഖലയുടെ പുനരുദ്ധാരണത്തിന് എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. പുനരുദ്ധരിക്കുവാൻ കഴിയുന്ന യൂണിറ്റുകളുടെ പുനരുദ്ധാരണത്തിനായി ഒറ്റത്തവണ സഹായം വ്യാപിപ്പിക്കുക, സാങ്കേതിക വിദ്യ മെച്ചപ്പെടുത്തുക, പുതിയ മൂലധനം ഇറക്കുക, കോർപ്പറേറ്റ് ഗവേർണൻസിന്റെ നിലവാരം മെച്ചപ്പെടുത്തുക എന്നിവപോലെയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

40. സംസ്ഥാനത്തിന്റെ അതിവേഗത്തിലുള്ള വ്യവസായവൽക്കരണത്തിന് അവശ്യംവേണ്ട ലോകോത്തര നിലവാരത്തിലുള്ള ആധുനിക സൗകര്യങ്ങളോടുകൂടിയ അടിസ്ഥാന സൗകര്യ ഏർപ്പെടുത്തുന്നതിന്റെ ആവശ്യകത എന്റെ സർക്കാർ തിരിച്ചറിയുന്നു. ഈ പ്രവർത്തനത്തെ മുന്നോട്ടുകൊണ്ടുപോകുന്നതിനായി കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ (സി. ഐ. എ. എൽ.)

മാതൃകയിൽ ഒരു പൊതുമേഖലാ കമ്പനി ഉടനെ ആരംഭിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നു. കമ്പനിയിൽ സർക്കാരിന് കെ. എസ്. ഐ. ഡി. സി., കിൻഫ്ര എന്നിവയോടൊപ്പം ഗണ്യമായ ശതമാനം ഓഹരി ഉണ്ടായിരിക്കുന്നതുമാണ്. ശേഷിക്കുന്ന മൂലധന ഓഹരി സമാഹരിക്കുന്നതിനായി ലോകമെമ്പാടുമുള്ള പ്രവാസി മലയാളികളുടെ വിപുലമായ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. ഹൈടെക് വ്യവസായങ്ങളെ ആകർഷിക്കുന്നതിന് ആവശ്യമായ ഗുണനിലവാരത്തോടുകൂടിയ അടിസ്ഥാന സൗകര്യങ്ങൾ കമ്പനി ഏർപ്പെടുത്തുന്നതാണ്. വയനാട് ജില്ലയിൽ ഒരു വൻകിട ഭക്ഷ്യസംസ്കരണ പാർക്ക് സ്ഥാപിക്കുവാനും കൂടി എന്റെ സർക്കാർ ഉദ്ദേശിക്കുന്നു.

41. ധാതു മേഖലയിലെ മൂല്യ വർദ്ധനവിനായി അവസരങ്ങൾ സൃഷ്ടിക്കുന്നതിന് എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. വളരെ ചെറിയ തോതിൽ വരുമാനം നേടിത്തരുന്ന അസംസ്കൃത കരിമണലിന്റെ കയറ്റുമതിക്ക് പകരം ആയതിന് ഉയർന്ന മൂല്യം നേടിത്തരുന്നതിനായി നാം പദ്ധതിയിടുന്നു.

42. സംസ്ഥാനത്തിന്റെ സാമ്പത്തിക പുരോഗതിക്കും തൊഴിൽ സൃഷ്ടിക്കുന്നതിലും ഐ. ടി. യുടെ നിർണ്ണായകമായ പങ്ക് എന്റെ സർക്കാർ തിരിച്ചറിയുന്നു. മുൻ സർക്കാർ, സംസ്ഥാനത്തെ ഐ. ടി. മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുവേണ്ടി മുതൽമുടക്ക് നിലനിറുത്തുന്നതിൽ പരാജയപ്പെട്ടു. ഈ മേഖലയിൽ സ്വകാര്യ പൊതു നിക്ഷേപങ്ങൾ വർദ്ധിപ്പിച്ചുകൊണ്ട് എന്റെ സർക്കാർ ഈ വിടവ് നികത്തുന്നതാണ്.

സംസ്ഥാനത്തിന്റെ തനതായ, മെച്ചപ്പെട്ട മാനവശേഷിയും അടിസ്ഥാന സൗകര്യങ്ങളും അടുത്ത 5 വർഷങ്ങൾക്കുള്ളിൽ ഐ.ടി./ഐ. ടി. ഇ. എസ്./ബി. പി. ഒ. മേഖലകളിൽ, 2 ലക്ഷം നേരിട്ടുള്ള തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് പൂർണ്ണമായും വിനിയോഗിക്കുന്നതാണ്. പരോക്ഷമായി, 6 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഇത് കാരണമാകും. ഐ. ടി. ഇ. എസ്. മേഖലയെ മാത്രം ആശ്രയിക്കുന്നതിന് പകരം ഉല്പാദന/ ഹാർഡ് വെയർ മേഖലയിൽ കഴിവുകൾ വികസിപ്പിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതാണ്. മേല്പറഞ്ഞ ലക്ഷ്യങ്ങൾ എന്റെ സർക്കാർ നേടിയെടുക്കുന്നതിന് അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുകയും ഒരു നിക്ഷേപ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്യുന്നതാണ്. ഫ്രീ ആന്റ് ഓപ്പൺ സോഫ്റ്റ് വെയർ (എഫ്. ഒ. എസ്. എസ്.) പ്രോത്സാഹിപ്പിക്കുന്നതിന്റെ തന്ത്രപ്രധാന പ്രാധാന്യത്തെക്കുറിച്ച് എന്റെ സർക്കാരിന് ബോദ്ധ്യമുണ്ട്. കേരളത്തെ ഇന്ത്യയിലെ (എഫ്. ഒ. എസ്. എസ്.) വ്യവസായ കേന്ദ്രമാക്കുന്നതിന് നമ്മൾ പരിശ്രമിക്കുന്നതാണ്.

43. 2007 മാർച്ചോടുകൂടി സംസ്ഥാന വ്യാപകമായ ശൃംഖല കമ്മീഷൻ ചെയ്യുന്നത്, സംസ്ഥാന സർക്കാരിന്റെ ഇ-ഗവേണൻസിന്റെ ഉദ്യമങ്ങൾക്ക് കൂടുതൽ കരുത്തേകുന്നതാണ്. ഈ പദ്ധതിയുടെ ഫലമായി ബ്ലോക്ക് പഞ്ചായത്ത് തലം വരെയുള്ള സർക്കാർ ഓഫീസുകൾക്ക് അതിവേഗ ബ്രോഡ് ബാന്റ് കണക്റ്റിവിറ്റി നൽകുന്നതും അത് പിന്നീട് വില്ലേജ് പഞ്ചായത്തുകളുമായി ബന്ധിപ്പിക്കുന്നതുമായിരിക്കും. അക്ഷയ-സാക്ഷരതാ പദ്ധതി കൂടുതൽ ഫലപ്രദമാക്കുന്നതിന്

അതിനെ നവീകരിക്കുന്നതാണ്. സർക്കാർ/തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നുള്ള സേവനങ്ങളും മറ്റു സേവനങ്ങളും പൗരന്മാർക്ക് പ്രദാനം ചെയ്യുന്നതിനായി 2007 മാർച്ച് അവസാനത്തോടുകൂടി ഏകദേശം മുപ്പതിനായിരം അക്ഷയ കേന്ദ്രങ്ങൾ സജ്ജമാക്കുന്നതാണ്. ഐ. ടി. വ്യവസായത്തിന് മെച്ചപ്പെട്ട മറ്റ് ഗുണനിലവാരമുള്ള മാനവശേഷി ഉറപ്പുവരുത്തുവാൻ സംസ്ഥാനത്തെ ഐ. ടി. ട്രെയിനിംഗ് സെന്ററുകളിലൂടെ നടത്തുന്ന വിവിധ കോഴ്സുകൾക്കായി ഒരു സർട്ടിഫിക്കേഷൻ സംവിധാനം ഉണ്ടാക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നു.

44. മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി എന്റെ സർക്കാർ ഒരു പുതിയ ഐ. ടി./ഐ. ടി. ഇ. എസ്. നയം അടുത്തുതന്നെ രൂപീകരിക്കുന്നതാണ്.

45. ജി. ഡി. പി. യിലേക്ക് ഏറ്റവും ഉയർന്ന സംഭാവന നൽകുക, തൊഴിൽ സൃഷ്ടിക്കുക, മൂലധന നിക്ഷേപം, നികുതി സ്വരൂപണം എന്നീ കാരണങ്ങളാൽ ലോകത്തെ ഏറ്റവും വലിയ വ്യവസായമായി വിനോദസഞ്ചാരം ഉയർന്നുവന്നിരിക്കുന്നു. രാജ്യത്തിലെ ഏറ്റവും ആകർഷണീയമായ ഒരു വിനോദ സഞ്ചാര കേന്ദ്രമാണ് കേരളം എന്ന കാര്യത്തിൽ കേരളീയർക്ക് അഭിമാനിക്കാം. വിനോദ സഞ്ചാര വികസനത്തിനുവേണ്ടി മൂലധനം ആകർഷിക്കുന്നതിനുവേണ്ട എല്ലാ നടപടികളും എടുക്കുന്നതിന് എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്.

46. സംസ്ഥാനത്തെ വിവിധ വിനോദ സഞ്ചാരകേന്ദ്രങ്ങളെ ബന്ധിപ്പിക്കുന്ന വിനോദ സഞ്ചാര പര്യടനങ്ങളുടെ സമഗ്ര വികസനത്തിനായിരിക്കും അടുത്ത സാമ്പത്തിക വർഷം ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. ഹെറിറ്റേജ് ടൂറിസം, അഡ്വഞ്ചർ ടൂറിസം, പ്ലാന്റേഷൻ ടൂറിസം, റൂറൽ ടൂറിസം, ഇക്കോ ടൂറിസം എന്നിവ പോലെയുള്ള

ടൂറിസത്തിലെ നവീനവും ഉയർന്നുവരുന്നതുമായ മേഖലകൾക്ക് കൂടി എന്റെ സർക്കാർ പ്രോത്സാഹനം നൽകുന്നതാണ്. പ്രാദേശിക സമൂഹങ്ങൾക്ക് പ്രത്യേകിച്ചും ഗ്രാമീണ കർഷക സമൂഹങ്ങൾക്ക് വിനോദ സഞ്ചാരത്തിന്റെ പ്രയോജനം വ്യാപിപ്പിക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ള ഫാം ടൂറിസം "എന്റെ ഗ്രാമം-ടൂറിസം സൗഹൃദ ഗ്രാമം" എന്നിവ പോലുള്ള നൂതന ഉദ്യമങ്ങൾ ആരംഭിക്കുന്നതാണ്. മലബാറിലെ വിനോദ സഞ്ചാര സാദ്ധ്യത പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതാണ്. ടൂറിസം കേന്ദ്രങ്ങളായ ബേക്കൽ, നിലമ്പൂർ, ബേപ്പൂർ, പെരുവണ്ണാമൂഴി, വയനാട്, വലിയപറമ്പ് എന്നീ വിനോദ സഞ്ചാര കേന്ദ്രങ്ങളും മലബാറിലെ കാവുകളും മികച്ച വിനോദ സഞ്ചാരകേന്ദ്രങ്ങളാക്കി വികസിപ്പിക്കുന്നതാണ്. പരമ്പരാഗത കലകളും നാടൻ കലകളും പുനരുജ്ജീവിപ്പിക്കുന്നതിനായി ഒരു സാംസ്കാരിക ഗ്രാമം വികസിപ്പിച്ചെടുക്കുന്നതാണ്.

47. ഓരോ വിനോദ സഞ്ചാര കേന്ദ്രത്തിന്റെയും സവിശേഷതകൾ തിരിച്ചറിഞ്ഞുകൊണ്ട്, സമഗ്രമായ മാർക്കറ്റിംഗിനോടു കൂടി ഒരു പ്ലാൻ തയ്യാറാക്കുന്നതിന് എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. സമൃദ്ധമായ പ്രകൃതി സമ്പത്ത് തുറന്നു കാണിക്കുന്നതിന് വിനോദ സഞ്ചാര വികസന പദ്ധതികൾ രൂപീകരിക്കുന്നതാണ്. വിനോദ സഞ്ചാര വികസനം എന്ന വ്യാജേന നമ്മുടെ സാംസ്കാരിക പൈതൃകത്തിലും പരിസ്ഥിതി പ്രശ്നങ്ങളിലും യാതൊരു വിട്ടുവീഴ്ചയുമുണ്ടാവില്ല എന്ന് ഉറപ്പുവരുത്തുന്നതിന് സർക്കാർ എല്ലാ മുൻകരുതലുകളും എടുക്കുന്നതാണ്. വിനോദ സഞ്ചാരവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ മൂലമുണ്ടാകുന്ന മലിനീകരണം നിയന്ത്രണത്തിന് പ്രത്യേക ശ്രമങ്ങൾ നടത്തുന്നതാണ്.

48. വിനോദ സഞ്ചാര മേഖലയിൽ, പരിശീലനം ലഭിച്ച മാനവ ശേഷിയുടെ വർദ്ധിച്ചുവരുന്ന ആവശ്യകത നിറവേറ്റുന്നതിന് മാനവ വിഭവശേഷി വികസിപ്പിക്കുന്നതിനായി 'സെന്റേഴ്സ് ഓഫ് എക്സലൻസ്' സ്ഥാപിക്കുന്നതാണ്. പ്രധാനപ്പെട്ട എല്ലാ വിനോദ സഞ്ചാര കേന്ദ്രങ്ങളിലും സാധാരണ വിനോദസഞ്ചാരികൾക്കായി താമസസൗകര്യം ഒരുക്കുന്നതിന് സർക്കാർ പ്രോത്സാഹിപ്പിക്കുന്നതാണ്. വിനോദസഞ്ചാര വികസനത്തിന്റെ ഭാഗമായി എല്ലാ തീർത്ഥാടനകേന്ദ്രങ്ങളിലും തീർത്ഥാടകർക്കായി പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതാണ്. സംസ്ഥാനത്ത് വിനോദ സഞ്ചാരികൾക്ക് പ്രശ്നങ്ങളില്ലാതെ യാത്ര ചെയ്യുവാനുതകുന്ന വിധത്തിൽ ഗതാഗതസൗകര്യം മെച്ചപ്പെടുത്തുന്നതാണ്.

49. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ കഠിനാദ്ധ്വാനം ചെയ്ത് തങ്ങളുടേതായ മേഖലകളിൽ മുദ്ര പതിപ്പിച്ച് കേരളത്തെ അഭിമാനാർഹരാക്കുകയും സംസ്ഥാനത്തിന്റെ സമ്പദ്വ്യവസ്ഥയിലേക്ക് ഗണ്യമായ സംഭാവന നൽകുകയും ചെയ്ത പ്രവാസി മലയാളികളെ കേരളത്തിന്റെ വികസന പദ്ധതികളിൽ പങ്കാളികളാക്കുന്നതാണ്. കഠിനാദ്ധ്വാനം ചെയ്ത് സമ്പാദിച്ച അവരുടെ ധനം, അവരുടെ സ്വന്തം നാടിന്റെ വികസനത്തിനായി മുതൽ മുടക്കുന്നതിന് പ്രോത്സാഹിപ്പിക്കുന്ന ഒരു അന്തരീക്ഷം സൃഷ്ടിക്കുന്നതായിരിക്കും. പ്രവാസി മലയാളികളുടെ പ്രശ്നങ്ങളും ആവലാതികളും പരിഹരിക്കുന്നതിനായി നോർക്ക വകുപ്പിന്റെ പ്രവർത്തനമേഖല വ്യാപിപ്പിക്കുന്നതായിരിക്കും. ഒരു ഡാറ്റാ ബേസ് ഉണ്ടാക്കുന്നതിനായി സംസ്ഥാനത്തിനു പുറത്ത് ജോലി ചെയ്യുന്ന കേരളീയരെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുന്നതായിരിക്കും.

50. 2003-ലെ ഇലക്ട്രിസിറ്റി ആക്ട്, വൈദ്യുതി മേഖലയെ സ്വകാര്യവൽക്കരിക്കാൻ വഴി തെളിക്കുകയും നമ്മുടെ രാജ്യത്തിലെ പല സംസ്ഥാനങ്ങളും ഈ ദിശയിലേക്ക് നീങ്ങുകയും ചെയ്തിരിക്കുന്നു. എന്റെ സർക്കാർ കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡിനെ സ്വകാര്യവൽക്കരിക്കുകയില്ല. കൂടാതെ അതിനെ പൊതുമേഖലയിൽ തന്നെ നിലനിർത്തുമെന്നും ഞാൻ ഉറപ്പ് നൽകുന്നു.

51. എൽ.ഡി.എഫ്. സർക്കാരിന് 1996 മുതൽ 2001 വരെയുള്ള കഴിഞ്ഞ ഭരണകാലത്ത്, കൂടുതലായി 1089 മെഗാവാട്ട് ശേഷി കൈവരിച്ചുകൊണ്ട് ചരിത്രം സൃഷ്ടിക്കാൻ കഴിഞ്ഞു. എന്നാൽ മുൻ യു.ഡി.എഫ് സർക്കാരിന് കൂടുതലായി 76 മെഗാവാട്ട് മാത്രം ശേഷി കൈവരിക്കുവാനേ സാധ്യമായിട്ടുള്ളൂ. ഈ സർക്കാർ നിർമ്മാണത്തിലിരിക്കുന്ന എല്ലാ പദ്ധതികളും സമയബന്ധിതമായി പൂർത്തിയാക്കുന്നതാണ്. പരിസ്ഥിതിക്ക് കൂടുതൽ കോട്ടം തട്ടാതെ തന്നെ എല്ലാ ജല വൈദ്യുത പദ്ധതികളും നടപ്പിലാക്കുന്നതാണ്. ഊർജ്ജ മേഖലയെ സ്വയം പര്യാപ്തമാക്കുന്നതിനു വേണ്ടി, ചെറുകിട ജലവൈദ്യുത പദ്ധതികളുടെയും പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളുടെയും ശേഷി, സാധ്യമാകുന്നിടത്തോളം, പരമാവധി പ്രയോജനപ്പെടുത്തുന്നതാണ്. ഹൈഡൽ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതാണ്.

52. 2004-2005 വർഷക്കാലയളവിലെ ശക്തമായ കാലവർഷം, 2001-2002 കാലയളവിൽ നടപ്പാക്കിയ താരിഫ് വർദ്ധനവ്, കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡ് എടുത്തിട്ടുള്ള വായ്പകളുടെ പലിശ നിരക്കിലെ ഇളവ് മുതലായവ കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡിന്റെ വരുമാനക്കമ്മി കുറച്ചുകൊണ്ടുവരാൻ

സഹായിച്ചു. എന്നിരുന്നാലും, നിലവിൽ 4541.32 കോടി രൂപയുടെ വായ്പ ബാക്കി നിൽക്കുന്നുണ്ട്. അന്താരാഷ്ട്ര കമ്പോളത്തിൽ മത്സരിക്കുന്നതിന് ഈ വ്യവസായ മേഖലയെ പ്രാപ്തമാക്കുന്ന രീതിയിൽ താരിഫ് യുക്തിസഹമാക്കുന്നതിനും സാമൂഹ്യ നീതി ഉറപ്പു വരുത്തുന്നതിനും വേണ്ടി എന്റെ സർക്കാർ കേരള സംസ്ഥാന വിദ്യുച്ഛക്തി നിയന്ത്രണ കമ്മീഷന് നയപരമായ നിർദ്ദേശങ്ങൾ നൽകുന്നതാണ്. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള എല്ലാ കുടുംബങ്ങൾക്കും സൗജന്യ വൈദ്യുതി കണക്ഷനുകൾ നൽകുന്നതിന് എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. സേവനം നൽകുന്നത് സംബന്ധിച്ച്, വൈദ്യുതി കണക്ഷനു വേണ്ടിയുള്ള 2.5 ലക്ഷത്തോളം വരുന്ന തീരുമാനമാകാത്ത അപേക്ഷകളിൽ സമയബന്ധിതമായി തീരുമാനമെടുക്കുന്നതും ഈ വർഷം മുതൽ ആവശ്യപ്പെടുന്ന ഉടൻ തന്നെ വൈദ്യുതി കണക്ഷനുകൾ നൽകുന്നതുമാണ്. കൂടാതെ, കുടിശ്ശിക പിരിച്ചെടുക്കുന്നതിനും വൈദ്യുതി മോഷണം തടയുന്നതിനും ഫലപ്രദമായ നടപടികൾ എടുക്കുന്നതാണ്. അദാലത്തുകളുടെ പ്രവർത്തനം വ്യാപിപ്പിക്കുകയും കൂടുതൽ ഫലപ്രദമാക്കുകയും ചെയ്യുന്നതാണ്.

63. എന്റെ സർക്കാർ സംസ്ഥാനത്തിനകത്ത് പവ്വർ ഹൈവേക്ക് വേണ്ടിയുള്ള പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനായി പ്രയത്നിക്കുന്നതാണ്. അനെർട്ടിന്റെയും എനർജി മാനേജ്മെന്റ് സെന്ററിന്റെയും പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതും അവയുടെ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിനായി അവർ തദ്ദേശ ഭരണ സ്ഥാപനങ്ങളുമായി സഹകരിക്കുകയും ചെയ്യുന്നതാണ്.

[illegible]. കൂടാതെ, തടസ്സമില്ലാത്ത വൈദ്യുതി വിതരണം ഉറപ്പ് വരുത്തുന്നതിനും പ്രസരണ വിതരണ നഷ്ടം കുറയ്ക്കുന്നതിനും പ്രസരണ വിതരണ സംവിധാനത്തിന്റെ അറ്റകുറ്റപ്പണികൾ യുദ്ധകാലാടിസ്ഥാനത്തിൽ ഏറ്റെടുക്കുന്നതാണ്. ഈ ആവശ്യത്തിലേക്കായി ആവശ്യമായ ജീവനക്കാരെ നിയോഗിക്കുകയോ നിയമിക്കുകയോ ചെയ്യുന്നതാണ്.

[illegible]. റോഡുകളുടെ സംഗതിയിൽ, കേരളത്തിലെ എക്കാലത്തും വർദ്ധിച്ചുവരുന്ന യാത്രാ ആവശ്യങ്ങൾ കണക്കിലെടുത്ത്, നിർമ്മിക്കുകയോ മെച്ചപ്പെടുത്തുകയോ അല്ലെങ്കിൽ പരിപാലിക്കുകയോ ചെയ്യേണ്ട റോഡ് ശൃംഖലക്ക് വേണ്ടി, ഒരു ദീർഘകാല വീക്ഷണത്തോടെയുള്ള പദ്ധതി തയ്യാറാക്കുന്നതിന് ദേശീയവും അന്തർദേശീയവുമായ വിവിധ ഏജൻസികൾ നടത്തുന്ന നിലവിലുള്ള പഠനങ്ങൾ എന്റെ സർക്കാർ സംയോജിപ്പിക്കുകയും പരിഷ്കരിക്കുകയും ചെയ്യുന്നതാണ്. പുതിയ കണ്ടെയ്നർ ടെർമിനൽ, പ്രത്യേക സാമ്പത്തിക മേഖല തുടങ്ങിയവയുടെ വെളിച്ചത്തിൽ, കൊച്ചി മേഖലയിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന ദ്രുതഗതിയിലുള്ള വികസനം പരിഗണിച്ച് പൊതുമരാമത്ത് വകുപ്പ് ഒരു ദേശീയതല ഏജൻസിയെക്കൊണ്ട് ഒരു 'മൾട്ടി മോഡൽ സ്ട്രാറ്റജിക് ഓപ്ഷൻ സ്റ്റഡി' നടത്തുവാനുദ്ദേശിക്കുന്നു. ആറു മാസത്തിനുള്ളിൽ പൂർത്തിയാകുന്ന ഈ പഠനം പ്രത്യേക റോഡ് രൂപകൽപ്പനകളിലും ദേശീയ പാതകൾ, സംസ്ഥാന ഹൈവേകൾ, വിമാനത്താവളങ്ങൾ, തുറമുഖങ്ങൾ എന്നിവയുമായി ഉചിതമായ രീതിയിൽ ബന്ധിപ്പിക്കുന്നതിലും ശ്രദ്ധ കേന്ദ്രീകരിക്കും. ഇത് കേരളത്തിന്റെ മധ്യഭാഗങ്ങളിലെ പ്രദേശങ്ങളിലുള്ള റോഡ് ശൃംഖല വികസിപ്പിക്കുന്നതിനും പരിപാലിക്കുന്നതിനും സംസ്ഥാനത്തിന്റെ വടക്കൻ ഭാഗങ്ങളുമായി ബന്ധിപ്പിക്കുന്നതിന് അടിസ്ഥാനമാവുകയും ചെയ്യും.

66. നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ (എൻ. എച്ച്. എ. ഐ.) സഹകരണത്തോടുകൂടി എൻ. എച്ച് 47-ലെ എല്ലാ പാതകളും നാലുവരിപ്പാതകളാക്കുന്നതിനും ബൈപ്പാസുകളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിനുമുള്ള എല്ലാ നടപടികളും എന്റെ സർക്കാർ കൈക്കൊള്ളുന്നതാണ്. കേരളത്തിലെ പ്രധാനറോഡുകളിലെ ഗതാഗതം സുഗമമാണെന്ന് ഉറപ്പു വരുത്തുന്നതിന് കോറിഡോർ അടിസ്ഥാനത്തിൽ റെയിൽവേ ഓവർ ബ്രിഡ്ജുകളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് കേരള റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ, പരിഗണന നൽകുന്നതായിരിക്കും. കേരള റോഡ് ഫണ്ട് ബോർഡ് (കെ. ആർ. എഫ്. ബി.) ഏറ്റെടുത്ത തലസ്ഥാന നഗര റോഡ് വികസന പദ്ധതികൾ നടപ്പിലാക്കുന്നു. കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്റ്റിൻകീഴിലുള്ള റോഡുകളുടെ നിർമ്മാണം ത്വരിതപ്പെടുത്തുകയും പൂർത്തീകരിക്കുകയും ചെയ്യുന്നതാണ്. 1999-ലെ ഹൈവേ സംരക്ഷണ ആക്ട് എല്ലാ അർത്ഥത്തിലും പൂർണ്ണമായി നടപ്പിലാക്കുന്നതാണ്. റോഡ് സുരക്ഷ ഉറപ്പാക്കുന്നതിനായി മോട്ടോർ വാഹന വകുപ്പിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ നൽകുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു.

67. സംസ്ഥാനത്തിന്റെ സാമ്പത്തിക പുരോഗതിക്ക് തുറമുഖങ്ങളുടെ വികസനവും ആധുനിക ഉപകരണങ്ങളോടുകൂടി അതിനെ സജ്ജമാക്കുന്നതും വളരെ പ്രാധാന്യമർഹിക്കുന്നതാണ്. ഈ ലക്ഷ്യം മുന്നിൽകണ്ടുകൊണ്ട്, മുന്തിയ പരിഗണനയോടെ വിഴിഞ്ഞം തുറമുഖത്തിനെ അന്താരാഷ്ട്ര ആഴക്കടൽ ട്രാൻസ്ഷിപ്പ്മെന്റ് കണ്ടെയ്നർ ടെർമിനൽ ആയി വികസിപ്പിക്കുന്നതിന്

എന്റെ സർക്കാർ പ്രത്യേക പരിഗണന നൽകുവാൻ ഉദ്ദേശിക്കുന്നു. ഇന്ത്യാ വൻകരയിൽ നിന്നും ലക്ഷദ്വീപ് സമൂഹങ്ങളിലേക്ക് യാത്രക്കാരെയും ചരക്കും കടത്തുന്നതിനായി ബേപ്പൂർ തുറമുഖം വികസിപ്പിക്കും. സംസ്ഥാനത്തിന്റെയും അതുപോലെ തന്നെ ആ പ്രദേശത്തിന്റെയും വിനോദ സഞ്ചാര സാധ്യതകൾ വികസിപ്പിക്കുന്നതിനുവേണ്ടി ആലപ്പുഴയെ മറീന കം കാർഗോ തുറമുഖമായി വികസിപ്പിക്കുന്നതാണ്. അഴീക്കൽ ഒരു പൊതു ചരക്കുതുറമുഖമായി വികസിപ്പിക്കുന്നതാണ്. കൊല്ലം ഉൾപ്പെടെയുള്ള ചെറുകിട തുറമുഖങ്ങളുടെ വികസനവും ഏറ്റെടുക്കുന്നതാണ്.

66. വിവിധ ജലാശയങ്ങളെ ബന്ധിപ്പിച്ചുകൊണ്ടുള്ള ഗതാഗതത്തിന്റെ സാധ്യതകൾ ഉറപ്പുവരുത്തുന്നതിന് സ്ഥാപിത ജലപാതയുടെ വികസനത്തിന് ഊന്നൽ നൽകേണ്ടത് അത്യാപേക്ഷിതമാണ്. 2006-2007-ൽ തുടങ്ങുന്ന 4 വർഷക്കാലയളവിൽ 12-ാം ധനകാര്യ കമ്മീഷൻ നൽകിയ അവാർഡ് വിനിയോഗിച്ച് പശ്ചിമതീര കനാലിന്റെ കോവളം-കൊല്ലം, കോട്ടപ്പുറം-ഹൊസ്ദുർഗ്ഗ് ഭാഗം, സംസ്ഥാനത്തെ മറ്റ് പോഷക കനാലുകൾ എന്നിവയുടെ വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതാണ്. ടി. എസ്. കനാലിന്റെ (പാർവ്വതി പുത്തനാർ) വേളി-കോവളം ഭാഗത്തിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ഈ വർഷം ഏറ്റെടുക്കുന്നതാണ്.

68. പഴക്കമുള്ള വാഹനങ്ങൾ മാറ്റുന്ന ഒരു നയം കെ. എസ്. ആർ. ടി. സി. തുടർന്നു വരികയാണ്. നടപ്പു വർഷവും ആവശ്യം തിട്ടപ്പെടുത്തിയ ശേഷം പുതിയ ബസ്സുകൾ വാങ്ങുന്നതാണ്. തിരുവനന്തപുരത്ത്, തമ്പാനൂരിൽ ഒരു

ആധുനിക ബസ്സ് ടെർമിനൽ സമുച്ചയം സ്ഥാപിക്കുവാൻ കോർപ്പറേഷൻ ഉദ്ദേശിക്കുന്നു. പ്രവർത്തനവരുമാനം അല്ലാതെയുള്ള വരുമാനം വർദ്ധിപ്പിക്കുന്നതിനുമായി കെ. എസ്. ആർ. ടി. സി. കോഴിക്കോട്, മലപ്പുറം, അങ്കമാലി, കരുനാഗപ്പള്ളി എന്നിവിടങ്ങളിൽ വ്യാപാര സമുച്ചയങ്ങളോടുകൂടിയ ആധുനിക ബസ്സ് ടെർമിനലുകളും കൊല്ലത്തും, തിരുവനന്തപുരത്തുള്ള അട്ടക്കുളങ്ങരയിലും വ്യവസായ സമുച്ചയങ്ങളും നിർമ്മിക്കുന്നതാണ്. തനതായ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തിയും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പാസൗകര്യങ്ങൾ ഉപയോഗിച്ചും കാസർഗോഡ്, മൂവാറ്റുപുഴ, കൊട്ടാരക്കര, പേരൂർക്കട, കാട്ടാക്കട എന്നിവിടങ്ങളിൽ വാണിജ്യ സമുച്ചയത്തോടു കൂടിയ ബസ്സ് സ്റ്റേഷനുകളുടെ നിർമ്മാണം കോർപ്പറേഷൻ ഏറ്റെടുക്കുന്നതാണ്. ഈ പദ്ധതികൾ കോർപ്പറേഷന്റെ വരുമാനം ഗണ്യമായി വർദ്ധിപ്പിക്കും.

൬൦. നടപ്പ് സാമ്പത്തികവർഷം കെ. റ്റി. ഡി. എഫ്. സി. അതിന്റെ പ്രവർത്തനം വിപുലീകരിയ്ക്കാൻ ഉദ്ദേശിക്കുന്നു. വ്യാപാരി/നിർമ്മാതാവിൽ നിന്നും ലഭിക്കുന്ന സഹായധനം/കിഴിവ് ഉപയോഗിച്ച് കുറഞ്ഞ പലിശനിരക്കിൽ എം. എൻ. എ. മാർക്ക് പ്രത്യേക വാഹന പദ്ധതി ആരംഭിക്കുന്നതിനും, നിലവിലുള്ള ട്രാൻസ് ടവർ പദ്ധതിയുടെ വിജയകരമായ പൂർത്തീകരണത്തിനുശേഷം, ബഹുനില വാണിജ്യ സമുച്ചയങ്ങളുടെ നിർമ്മാണം ഏറ്റെടുക്കുന്നതിനും കൂടി കമ്പനി ഉദ്ദേശിക്കുന്നു.

൬൧. ജലവിഭവ വകുപ്പിന്റെ പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകുന്നു; എന്നത് ആ വകുപ്പിന്റെ ഘടനമായിരിക്കുന്നതും ഉദ്ദേശിച്ച പ്രയോജനം എത്രയും നേരത്തെ തന്നെ പൊതുജനങ്ങൾക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ പൂർത്തി

സുതാര്യത ഉറപ്പുവരുത്തിക്കൊണ്ട് പദ്ധതികൾ അതിവേഗം നടപ്പിൽ വരുത്തുക എന്നത് ലക്ഷ്യമിടുകയും ചെയ്യുന്നു. കേരളത്തിലെ ജലസ്രോതസ്സുകളുടെ സംരക്ഷണം, അവിടുത്തെ നദികളുടെ സംരക്ഷണം, മഴവെള്ള സംഭരണം എന്നിവയ്ക്ക് എന്റെ സർക്കാർ മുന്തിയ പരിഗണന നൽകുന്നു. സംസ്ഥാനത്തെ പുതിയ ജലനയത്തിന് വൈകാതെ അന്തിമരൂപം നൽകുന്നതാണ്. പഞ്ചായത്തീരാജ് സ്ഥാപനങ്ങളേയും വിദ്യാഭ്യാസ സ്ഥാപനങ്ങളേയും ഉൾപ്പെടുത്തിക്കൊണ്ടുള്ള പൊതുജന സമ്പർക്ക പരിപാടിയിലൂടെ ജലസംരക്ഷണവും, കൈകാര്യം ചെയ്യലും സംബന്ധിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന് മുൻഗണന നൽകും.

62. ഈ സർക്കാരിന്റെ കാര്യപരിപാടികളിൽ ഏറ്റവും പ്രധാനപ്പെട്ടത് സുരക്ഷിതമായ കുടിവെള്ളം നൽകുക എന്നതാണ്. ഈ ലക്ഷ്യം മുൻനിറുത്തി ഉദ്ദേശം 7.68 ലക്ഷം ജനങ്ങൾക്ക് പ്രയോജനം ലഭിക്കുന്ന മഴവെള്ള സംഭരണ പദ്ധതി, സ്വജലധാരപദ്ധതി എന്നിവയും എ. ആർ. ഡബ്ല്യു. എസ്. പി യുടെ കീഴിലുള്ള പദ്ധതികളും കൂടുതൽ വികസിപ്പിക്കുന്നതിന് കേരള ജല അതോറിറ്റി ഉദ്ദേശിക്കുന്നു. 2006-2007-ൽ ഉദ്ദേശം 11 ലക്ഷം ആളുകൾക്ക് പ്രയോജനം കിട്ടുന്ന 2238 പാർപ്പിടങ്ങൾ ഭാരത് നിർമ്മാൺ പദ്ധതിയിൻകീഴിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നു. എ. യു. ഡബ്ല്യു. എസ്. പി. യുടെ കീഴിൽ ഉദ്ദേശം 1 ലക്ഷം ആളുകൾക്ക് പ്രയോജനം ലഭിക്കുന്ന 5 നഗര ജലവിതരണ പദ്ധതികൾ കൂടി പൂർത്തീകരിക്കും. നടപ്പുവർഷത്തിൽ ജെ. ബി. ഐ. സി. സഹായത്തോടെയുള്ള ജലവിതരണ പദ്ധതി എല്ലാ തലങ്ങളിലും സുതാര്യത ഉറപ്പാക്കിക്കൊണ്ട് ത്വരിതഗതിയിൽ നടപ്പിലാക്കും.

— — —

63. ജലനിധി പദ്ധതിയുടെ കീഴിലുള്ള ഗ്രാമീണ മേഖലയിലെ കുടിവെള്ള വിതരണത്തിനു പുറമെ സുനാമി ബാധിത തീരദേശങ്ങളിൽ ഏകദേശം 40 കോടി രൂപയുടെ 2 വൻകിട ജലവിതരണ പദ്ധതികൾ ഏറ്റെടുക്കാനുദ്ദേശിക്കുന്നു. വിവിധ ഗുണഭോക്തൃ സംഘങ്ങളുടെ സഹായത്തോടുകൂടി ഈ വർഷം 17 നദികളെ അടിസ്ഥാനമാക്കിയുള്ള പദ്ധതികൾ പഞ്ചായത്തുകളുടെ പങ്കാളിത്തത്തോടെ തുടങ്ങുവാനുദ്ദേശിക്കുന്നു. ഇതിനു പുറമെ നഷ്ടപ്പെട്ടുപോയ ഭൂഗർഭ ജലം പുനഃസംഭരിക്കുന്നതിലേക്കായി വർഷത്തിലുള്ള പരിപാടികൾ ഏറ്റെടുക്കുന്നതാണ്.

64. തീരപ്രദേശങ്ങളിൽ താമസിക്കുന്ന ആളുകളുടെ യാതനകൾ ലഘൂകരിക്കുന്നതിനായി എന്റെ സർക്കാർ 2005-2010 കാലയളവിലേക്ക് 12-ാം ധനകാര്യ കമ്മീഷൻ കേരളത്തിന് അനുവദിച്ച 175 കോടി രൂപ കടൽക്ഷോഭ പ്രതിരോധ പ്രവർത്തനങ്ങൾക്കായി ഫലപ്രദമായി വിനിയോഗിക്കുന്നതാണ്.

65. നാഷണൽ ഹൈഡ്രോളജി പദ്ധതിയുടെ രണ്ടാം ഘട്ടം നടപ്പാക്കുന്നതിനുള്ള സമ്മതപത്രം ഒപ്പിട്ടിട്ടുള്ളതും, പദ്ധതി ഈ വർഷം തന്നെ ആരംഭിക്കുന്നതുമാണ്. കമാന്റ് ഏരിയാ ഡവലപ്മെന്റ് അതോറിറ്റിയിൻകീഴിൽ പുരോഗമിച്ചു വരുന്ന നാല് പദ്ധതികൾക്ക് പുറമേ കല്ലട ജലസേചന പദ്ധതി കൂടി സി. എ. ഡി. പദ്ധതിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നു. കാര്യക്ഷമവും നീതിപൂർവ്വകവുമായ ജലവിനിയോഗം അടിസ്ഥാനമാക്കി 2006-2007-ൽ ജലസേചന പദ്ധതികളുടെ തെരഞ്ഞെടുത്ത കമാന്റ് ഏരിയകളിൽ പാർട്ടിസിപ്പേറ്ററി ഇറിഗേഷൻ മാനേജ്മെന്റ് (പി. ഐ. എം.) നടപ്പിൽ വരുത്തുവാൻ ഉദ്ദേശിക്കുന്നു.

46. ഭവന നിർമ്മാണ മേഖലയിൽ 5 വർഷത്തിനുള്ളിൽ കേരളത്തിലെ മുഴുവൻ കുടുംബങ്ങൾക്കും വീടുകൾ നൽകുന്ന ഒരു പദ്ധതി എന്റെ സർക്കാർ നടപ്പിലാക്കുന്നതും; ഇത് യാഥാർത്ഥ്യമാക്കുന്നതിനായി തദ്ദേശ ഭരണസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ, പ്രവാസി ഭാരതീയർ, സർക്കാരിതര സംഘടനകൾ, രാഷ്ട്രീയ പാർട്ടികൾ, ജനകീയ സംഘടനകൾ തുടങ്ങിയവരുടെ സഹായത്തോടെ ഒരു ജനകീയ പ്രസ്ഥാനം ആരംഭിക്കുന്നതിനും എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. പട്ടികവർഗ്ഗക്കാരുടെ വീടുകളുടെയും ലക്ഷം വീട് പദ്ധതി പ്രകാരമുള്ള വീടുകളുടെയും സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് പ്രത്യേക ഊന്നൽ നൽകുന്നതാണ്.

47. പ്രാഥമിക വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ സംസ്ഥാനം മുൻപന്തിയിൽ നിൽക്കുന്നതും ഹൈസ്കൂൾ തലം വരെ അത് പൂർണ്ണമായും നിലനിർത്തിപ്പോരുന്നതുമാണ്. വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനായി, ഈ അദ്ധ്യയന വർഷം മുതൽ സർക്കാർ സ്കൂളുകളിലും എയ്ഡഡ് സ്കൂളുകളിലും സോഷ്യൽ ഓഡിറ്റ് ആരംഭിക്കാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. ചുരുക്കം ചില സ്കൂളുകളിൽ ആരംഭിച്ചിട്ടുള്ള ഇംഗ്ലീഷ് ഭാഷാ ലാബുകൾ ഈ വർഷം കൂടുതൽ ഹയർ സെക്കണ്ടറി സ്കൂളുകളിലേക്ക് വ്യാപിപ്പിക്കുന്നതാണ്.

48. സ്കൂളുകളിൽ വൃത്തിയായും ശുചിയായും ഭക്ഷണം പാകം ചെയ്തു വിളമ്പുന്നുവെന്ന് ഉറപ്പാക്കുന്നതിനും ഉച്ചഭക്ഷണത്തിലെ പോഷകാംശങ്ങൾ വർദ്ധിപ്പിക്കുന്നതിനും വേണ്ട നടപടികൾ എന്റെ സർക്കാർ സ്വീകരിക്കുന്നതാണ്. എല്ലാ സ്കൂളുകളിലും കുടിവെള്ള വിതരണവും ടോയ്‌ലെറ്റ്

സൗകര്യങ്ങളും നൽകുകയും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ഓല മേഞ്ഞ കെട്ടിടങ്ങൾ മുഴുവനായും ഓടുമേഞ്ഞതോ, കോൺക്രീറ്റു ചെയ്തതോ ആയവ ആക്കി മാറ്റുകയും ചെയ്യും.

൬൯. അവശത അനുഭവിക്കുന്നവരെയും ദുരിതമനുഭവിക്കുന്നവരെയും മുഖ്യധാരയിലേക്ക് കൊണ്ടുവരാൻ, വിദ്യാഭ്യാസം നൽകുന്നതിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. സ്വയംരക്ഷക്കുവേണ്ടിയുള്ള കലകളിൽ വിദ്യാർത്ഥിനികൾക്ക് പരിശീലനം നൽകാൻകൂടി ഉദ്ദേശിക്കുന്നു. ഐ. ടി. വിദ്യാഭ്യാസം യു.പി. തലം വരെ വ്യാപിപ്പിക്കുന്നതും എഡ്യൂസാറ്റ് സൗകര്യങ്ങൾ എല്ലാ സ്കൂളുകളിലും ഏർപ്പെടുത്തുന്നതുമാണ്. വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും അവരുടെ ഭാഷാ പരിജ്ഞാനം വർദ്ധിപ്പിക്കുന്നതിനായി കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷിൽ ഒരു സർട്ടിഫിക്കറ്റ് കോഴ്സ് ആരംഭിക്കുന്നതാണ്. നിലവാരം കുറഞ്ഞ അദ്ധ്യാപനവും സർക്കാർ എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികളുടെ എണ്ണം കുറഞ്ഞുവരുന്നതും തടയാൻ അംഗീകാരമില്ലാത്ത സ്കൂളുകൾ നിർത്തലാക്കുന്നതിന് നടപടി എടുക്കുന്നതാണ്.

൭൦. അദ്ധ്യാപകർക്ക് പരിശീലനം നൽകുന്നതിനായി ഹയർ സെക്കന്ററി തലത്തിൽ ഒരു മാനവ വിഭവശേഷി വികസന കേന്ദ്രം സ്ഥാപിക്കുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. തൊഴിലധിഷ്ഠിത വിദ്യാഭ്യാസ മേഖലയിൽ, ഓരോ വൊക്കേഷണൽ ഹയർ സെക്കന്ററി (വി.എച്ച്.എസ്.) സ്കൂളിലും പരിശീലനത്തിനും ഉല്പാദനത്തിനും വേണ്ടിയുള്ള കേന്ദ്രങ്ങൾ രൂപീകരിക്കുവാനുദ്ദേശിക്കുന്നു. ഇപ്പോൾ കരിയർ ആന്റ് ഗൈഡൻസ് സെന്ററുകൾ

പ്രവർത്തിക്കുന്നതായ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിലൊഴികെയുള്ള മറ്റു ജില്ലകളിൽ അത്തരം കേന്ദ്രങ്ങൾ തുറക്കുന്നതാണ്. സർക്കാർ വി. എച്ച്. എസ്. ഇ. സ്കൂളുകളിൽ നടപ്പിലാക്കിയ സേവന പ്രദാനപദ്ധതി ശേഷിക്കുന്ന 219 സർക്കാർ സ്കൂളുകളിലേക്കും ഈ വർഷം വ്യാപിപ്പിക്കും. തൊഴിലധിഷ്ഠിത വിഷയങ്ങളിൽ പരിശീലനത്തിനും ഗവേഷണത്തിനും വേണ്ടിയുള്ള ഒരു അന്താരാഷ്ട്ര പരിശീലന കേന്ദ്രവും പരിഗണനയിലുണ്ട്.

71. പ്രാഥമിക വിദ്യാഭ്യാസ രംഗത്തെ നേട്ടങ്ങളാൽ കേരളം അറിയപ്പെടുന്നുവെങ്കിലും ഉന്നത വിദ്യാഭ്യാസ രംഗത്ത് കേരളത്തിന്റെ സ്ഥാനം വളരെ പിന്നിലാണ്. മറ്റു സംസ്ഥാനങ്ങൾക്കൊപ്പം നിൽക്കണമെങ്കിൽ സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസം നടത്തുന്നവരുടെ എണ്ണം വർദ്ധിപ്പിക്കേണ്ടതുണ്ട്. അതേ സമയം വർദ്ധിപ്പിച്ച അവസരങ്ങളുടെ പ്രയോജനം ലഭിക്കുന്നവർ ദരിദ്രവിഭാഗങ്ങളിൽ നിന്നുള്ളവരാണെന്ന് ഉറപ്പുവരുത്തുകയും വേണം. അർഹരായ വിദ്യാർത്ഥികൾക്ക് പൊതുവായി ഉന്നതവിദ്യാഭ്യാസത്തിനും പ്രത്യേകിച്ചും പ്രൊഫഷണൽ വിദ്യാഭ്യാസത്തിനും സാമ്പത്തിക സഹായം നൽകിക്കൊണ്ട് സമൂഹത്തിലെ ദുർബല വിഭാഗങ്ങൾക്ക് സാമൂഹ്യനീതി ഉറപ്പുവരുത്തുന്നതിനുള്ള ഫലപ്രദമായ നടപടികൾ എന്റെ സർക്കാർ എടുക്കുന്നതാണ്.

72. ഉന്നത വിദ്യാഭ്യാസത്തിന്റെ നിലവാരം മെച്ചപ്പെടുത്തുന്നതിനായി എന്റെ സർക്കാർ പ്രയത്നിക്കും. സർവ്വകലാശാലകളിലെ പാഠ്യപദ്ധതിയും ഗവേഷണവും പരിഷ്കരിക്കുന്നതിന് ഊന്നൽ നൽകും. സർവ്വകലാശാലകളിലെ അദ്ധ്യാപനത്തിന്റെ

രീതിയും പാഠ്യപദ്ധതിയുടെയും പാഠ്യവിഷയങ്ങളിലെ ഉള്ളടക്കത്തിന്റെയും നിരന്തരമായ മൂല്യനിർണയത്തിനും പ്രതികരണം ശേഖരിക്കുന്നതിനുംവേണ്ടി ഒരു സ്ഥിരം സംവിധാനം ഏർപ്പെടുത്തും. ഉന്നത വിദ്യാഭ്യാസത്തിന്റെ നിലവാരം മെച്ചപ്പെടുത്തുവാൻ ഗണ്യമായ സംഭാവന നൽകുന്നതിന് പൂർവ്വ വിദ്യാർത്ഥി സംഘടനകളെ ഉപയോഗപ്പെടുത്തും. വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ സർവ്വകലാശാലകളുടെ ഭരണനിർവ്വഹണം നവീകരിക്കും.

73. പ്രൊഫഷണൽ കോഴ്സുകളിലേക്കുള്ള പ്രവേശനം സംബന്ധിച്ച് ഇപ്പോൾ നിലവിലുള്ള നിയമത്തിലെ പോരായ്മകൾ നീക്കുന്നതിനും പ്രൊഫഷണൽ വിദ്യാഭ്യാസം സാധാരണക്കാരന് പ്രാപ്യമാക്കുന്നതിനും വേണ്ടി ഒരു സമഗ്ര നിയമനിർമ്മാണം നടത്തുന്നതാണ്. വിദ്യാഭ്യാസത്തെ വ്യവസായവത്കരിക്കുവാനുള്ള ഇപ്പോഴത്തെ പ്രവണത ഒരു കാരണവശാലും അനുവദിക്കുന്നതല്ല. പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി ഒരു അതിവേഗ സംവിധാനം ഏർപ്പെടുത്തുന്നതുവഴി കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയെ ഐ. ഐ. റ്റി. നിലവാരത്തിലേക്ക് വികസിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ എന്റെ സർക്കാർ ത്വരിതപ്പെടുത്തുന്നതാണ്. കേരള സംസ്ഥാന ഓപ്പൺ യൂണിവേഴ്സിറ്റി നടപ്പു സാമ്പത്തിക വർഷത്തിൽ തുടങ്ങുകയും വിദ്യാർത്ഥികൾക്ക് പ്രത്യേക പരിശീലനത്തിനുള്ള മെച്ചപ്പെട്ട വഴി ഒരുക്കിക്കൊണ്ട് പ്രൊഫഷണൽ കോളേജുകളിലേക്കുള്ള പ്രവേശനപരീക്ഷാ സമ്പ്രദായം നവീകരിക്കുന്നതിന് സമഗ്രമായ നടപടികൾ ആരംഭിക്കുകയും ചെയ്യുന്നതാണ്.

74. ഗണിതശാസ്ത്രത്തിലുള്ള ഗവേഷണം പ്രോത്സാഹിപ്പിക്കുന്നതിനായി ഭാരത സർക്കാർ അറ്റോമിക് എനർജി വകുപ്പിന്റെ കീഴിലെ നാഷണൽ ബോർഡ് ഓഫ് ഹയർ മാത്തമാറ്റിക്സ് (എൻ. ബി. എച്ച്. എം.) മായി സഹകരിച്ച് ഒരു സംയുക്ത സംരംഭമായ കേരള സ്കൂൾ ഓഫ് മാത്തമാറ്റിക്സ് ആരംഭിക്കാൻ ശാസ്ത്ര സാങ്കേതിക വകുപ്പ് ഉദ്ദേശിക്കുന്നു. വ്യവസായ വൽക്കരണത്തിനും, പ്രായോഗിക ഗവേഷണ പദ്ധതികൾക്കും ജൈവസാങ്കേതിക പദ്ധതിയിൽ പ്രത്യേക ഊന്നൽ നൽകുന്നതാണ്. ജലമേഖല സംബന്ധിച്ച മേഖലയിൽ ഒരു "എൺവയോൺമെന്റ് മോണിറ്ററിംഗ് പ്രോജക്ട്" ആരംഭിച്ചിട്ടുണ്ട്. പരിസ്ഥിതി-വന മന്ത്രാലയത്തിന്റെ സഹായത്തോടെ ഓരോ ജില്ലയിലും 250 സ്കൂളുകളിൽ നാഷണൽ ഗ്രീൻ കോർ (ഇക്കോ ക്ലബ്ബുകൾ) എന്റ് സർക്കാർ ആരംഭിക്കുന്നതാണ്. ശാസ്ത്ര മേഖലയിൽ കുട്ടികളുടെ പ്രതിഭ പ്രോത്സാഹിപ്പിക്കുന്നതിനായുള്ള പദ്ധതിയിൽ (എസ്. പി. വൈ. ടി. ഐ. എസ്.) സ്കൂൾ വിദ്യാർത്ഥികളെ പങ്കെടുപ്പിക്കാൻ പ്രോത്സാഹിപ്പിക്കുകയും ശാസ്ത്ര പ്രചരണ പരിപാടികളിലും (പോപ്പുലറൈസേഷൻ പ്രോഗ്രാം) ഊർജ്ജ പരിസ്ഥിതി സംരക്ഷണത്തിലും, ജലസംരക്ഷണത്തിലും, വന സംരക്ഷണത്തിലും മറ്റു പ്രസക്ത ശാസ്ത്ര സാങ്കേതിക മേഖലകളിലും ശ്രദ്ധ പതിപ്പിക്കുകയും ചെയ്യുന്നതാണ്. ബൗദ്ധിക സ്വത്തവകാശവുമായി (ഐ. പി. ആർ.) ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കും സഹായം നൽകുന്നതിന് പേറ്റന്റ് ഇൻഫർമേഷൻ സെന്റർ (പി. ഐ. സി.) കൂടുതൽ ശക്തിപ്പെടുത്തുന്നതാണ്.

75. നമ്മുടെ സമൂഹം ഊർജ്ജസ്വലമായ ഒരു സമൂഹമായി വളരുന്നതിന് സംസ്ഥാനത്തിന്റെ സാംസ്കാരിക പൈതൃക സംരക്ഷണം നിർണ്ണായകവും അതിന് എന്റെ സർക്കാർ അർഹമായ പ്രാധാന്യം നൽകുന്നതുമാണ്. സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന സാംസ്കാരിക സ്ഥാപനങ്ങളും അക്കാദമികളും ശക്തമായ പൗരപങ്കാളിത്തത്തോടുകൂടിയ ജനാധിപത്യ സ്ഥാപനങ്ങളായി ശക്തിപ്പെടുത്തുന്നതാണ്.

76. സംസ്ഥാന പുരാവസ്തു വകുപ്പ് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെയും, കേരള ചരിത്ര ഗവേഷണ കൗൺസിലിന്റെ സഹായത്തോടെയും പുരാവസ്തു ശാസ്ത്രപരമായും/ചരിത്രപരമായും, അല്ലെങ്കിൽ, പുരാവസ്തുപരമായോ, ചരിത്രപരമായോ, പ്രാധാന്യമുള്ള നിർമ്മാണങ്ങൾ, ചുവർചിത്രങ്ങൾ, അമ്പലങ്ങൾ മുതലായവ കണ്ടെത്തുന്നതിനും സംരക്ഷിക്കുന്നതിനും ഒരു പദ്ധതി നടപ്പിലാക്കുന്നതാണ്. പദ്ധതിയിൽ നാട്ടുചരിത്രപഠനവും ഡോക്യുമെന്റേഷനും ഉൾപ്പെടുന്നതാണ്. ദാരിദ്ര്യത്തിലാഴ്ന്ന കലാകാരന്മാർക്കുള്ള വിഹിതവും അഗതികളായ കലാകാരന്മാർക്കും സാംസ്കാരിക പ്രവർത്തകർക്കുമുള്ള ചികിത്സാസഹായവും ഗണ്യമായി വർദ്ധിപ്പിക്കുന്നതാണ്.

77. ഭാരത സർക്കാർ കലാമണ്ഡലത്തെ കല്പിത സർവ്വകലാശാലയായി താൽക്കാലികമായി അംഗീകരിച്ചിട്ടുണ്ട്. ഈ അവസരം പ്രയോജനപ്പെടുത്താനും കലാമണ്ഡലത്തിന് ശ്രദ്ധാപൂർവ്വം സ്ഥാനം നൽകിയും അക്കാദമിക് ഗവേഷണം പരിപോഷിപ്പിച്ചും സാംസ്കാരിക ദർശനം വിപുലമാക്കി ഭാരതത്തിനകത്തും പുറത്തും എത്തിക്കുകയും ചെയ്യുക വഴി